# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

# പദ്ധതി

## സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട്

വാർഡ് 3 – കണ്ണപുരം  സെൻട്രൽ

കണ്ണപുരം ഗ്രാമപഞ്ചായത്ത്

കല്ല്യാശേരി ബ്ളോക്ക്

കണ്ണൂർ ജില്ല .

റിപ്പോർട്ട് തയ്യാറാക്കിയത്,

**പ്രബിത. ടി. പി**

**സിന്ധു ഇ**

**നിവ്യ  കെ**

(വില്ലേജ് റിസോഴ്സ് പേർസൺ കല്ല്യാശ്ശേരി)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം.

## ഉള്ളടക്കം

| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | കവർപേജ് | 1. |
| 2. | ഉള്ളടക്കം | 2. |
| 3. | അമുഖം | 3. |
| 4 | കല്ല്യാശ്ശേരി പഞ്ചായത്ത് പൊതു വിവരങ്ങൾ | 5. |
| 5. | പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ബന്ധപ്പെട്ടുള്ള വിവരങ്ങൾ | 6. |
| 6. | സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ | 7. |
| 7. | ഫീൽഡ് തല പരിശോധന സംബന്ധിച്ച വിവരങ്ങൾ | 8. |
| 8. | അവകാശധിഷ്ട്ടിത നിരീക്ഷണങ്ങൾ | 9. |
| 9. | റെജിസ്റ്ററുകൾ,ഫയൽ പരിശോധന സംബന്ധിച്ച വിവരങ്ങൾ | 13. |
| 10. | തൊഴിലാളികളുടേ കടമകൾ, കണ്ടെത്തലുകൾ,നിര്ദേശങ്ങൾ | 17. |
| | | |

# ആമുഖം

2005 സെപ്റ്റംബർ 5 ന് നിലവിൽ വന്ന ദേശിയ ഗ്രാമീണ തൊഴിലുറപ്പ് നിയമംഅടിസ്ഥാനമാക്കിയാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഭാരതത്തിലെ ഗ്രാമീണ മേഖലയിൽ നടപ്പിലാക്കി വരുന്നത്. ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് 100 ദിവസം അവിദഗ്ധ തൊഴിൽ ഉറപ്പ് നൽകുകയുംഅതിലൂടെ ജനതയുടെ ഉന്നമനം ദാരിദ്ര്യനിർമ്മാജനം അടിസ്ഥാന സൗകര്യംപരിസ്ഥിതി സംരക്ഷണം, സ്ത്രീ ശാക്തീകരണം ലക്ഷ്യം വയ്ക്കുന്നു.

കണ്ണപുരം പഞ്ചായത്തിലെ മൂന്നാം വാർഡിലെ 2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കിയ പ്രവർത്തികളും അതുമായി ബന്ധപ്പെട്ട ഇടപെടലുകളുമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് ഓഫിസിൽ നിന്നും പ്രവർത്തികളുടെ ഫയൽ പരിശോധന, രജിസ്റ്റർ പരിശോധന, വാർഡിലെ പ്രവർത്തി സ്ഥലങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ പദ്ധതി ഗുണഭോഗ്താക്കൾ വാർഡിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരുമായുള്ള അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് തയ്യാറാക്കിയത്.

പ്രസ്തുത റിപ്പോർട്ട് ഗ്രാമസഭയുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

# കണ്ണപുരം പഞ്ചായത്ത് പൊതു വിവരങ്ങൾ

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ബ്ലോക്കിലാണ് കണ്ണപുരം പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

| | |
|---|---|
| ജില്ല | കണ്ണൂർ |
| വിസ്തീർണം | 14.39 ച .കി .മി |
| റവന വില്ലേജ് | |
| ബ്ലക്ക് പഞ്ചായത്ത് | കല്ല്യാശ്ശേരി |
| താലൂക്ക് | കണ്ണൂർ |
| നിയമസഭാ മണ്ഡലം | കല്ല്യാശ്ശേരി |
| പാർലിമെൻറ് മണ്ഡലം | കണ്ണൂർ |
| ആകെ വാർഡുകൾ | 14 |
| ജനസംഖ്യ | 18459 |
| സ്ത്രീകൾ | 10239 |
| പുരുഷന്മാർ | 8220 |

## വാർഡ് പൊതുവിവരങ്ങൾ

| വാർഡിൻറെ പേര് | കണ്ണപുരം സെൻട്രൽ |
|---|---|
| ജനസംഖ്യ | 1126 |
| സ്ത്രീകൾ | 627 |
| പുരുഷന്മാർ | 499 |

## പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി ബന്ധപ്പെട്ടുള്ള വിവരങ്ങൾ

ആകെ തൊഴിൽ കാര്ഡ് :1800

ആകെ തൊഴിലാളികൾ :1977

ആക്ടിവ് തൊഴിൽ കാർഡ് :678

ആക്ടിവ് തൊഴിലാളികൾ :506

കഴിഞ്ഞ വര്ഷം പഞ്ചായത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർ : 134

ആകെ തൊഴിൽ ദിനങ്ങൾ :31570

ആകെ ചിലവായ തുക :9365912

## വാർഡിലെ തൊഴിലുറപ്പ് പദ്ധതി ബന്ധപ്പെട്ട വിവരങ്ങൾ

ആകെ തൊഴിൽ കാർഡ് :47

ആകെ വർക്കേഴ്സ് :4

ആക്ടിവ് തൊഴിലാളികൾ ; 3

ആക്ടിവ് തൊഴിൽ കാർഡ് : 8

കഴിഞ്ഞ വര്ഷം വാർഡിൽ 100 തൊഴിൽ ദിനങ്ങള് പൂർത്തിയാക്കിയവർ :1

## സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേരും, പ്രവർത്തിയുടെ കോഡും | മസ്റ്റർ റോൾ നമ്പർ | പ്രവർത്തി ആരംഭിച്ച തിയ്യതി | പ്രവർത്തി അവസാനിച്ച തിയ്യതി | തൊഴിൽ ദിനങ്ങൾ | ചിലവായ തുക |
|---|---|---|---|---|---|---|
| 1. | കൃഷ്ണപിള്ള മന്ദിരം മുതൽ പുതിയടത്ത് കാവ് വഴിയുടെ തോട് നവീകരണം.1602004005/IC/214583 | 1560,1561,13164,13177 13178,1559 | 29/5/2018 | 22/3/2019 | 78 | 21528 |
| 2. | ഐ. എ. വൈ. സർക്കാർ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിലെ അവിദഗ്ധ പ്രവർത്തികൾ1602004005/IF/326381 | 4303,4304,4305,4306, 4307,6075,6076,6077, 6078,8852,11019,11047 11048,11049,12873., | 24/09/2018 | 17/03/2019 | 90 | 24840 |

## അവകാശധിഷ്ഠിത നിരീക്ഷണങ്ങൾ:

**1. തൊഴിൽ കാർഡ്**

തൊഴിൽ കാർഡ് ഒരു ആദികാരിക രേഖയാണ്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിന് അപേക്ഷിക്കുന്ന 18 വയസ്സ് പൂർത്തിയായ ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരു പൌരനും തൊഴിലിന് അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തികച്ചും സൌജന്യമായി തൊഴിൽ കാർഡ് ലഭ്യമാക്കണമെന്ന് അനുശാസിക്കുന്നു. കൂടാതെ കൃത്യമായ ഇടവേളകളിൽ തൊഴിൽ കാർഡ് സൌജന്യമായി പുതുക്കി നല്കേണ്ടതുമാണ്.

**കണ്ണപുരം പഞ്ചായത്തിലെ മൂന്നാം വാർഡിലെ തൊഴിലാളികൾ എല്ലാം തൊഴിൽ കാർഡ് സ്വന്തം കൈയിൽ സൂക്ഷിക്കുന്നവർ ആണെന്ന് മനസിലാക്കാൻ സാധിച്ചു. എന്നാൽ സൗജന്യമായി ലഭിക്കേണ്ട തൊഴിൽ കാർഡിന് ഫോട്ടോ തൊഴിലാളികൾ തന്നെ എടുക്കേണ്ടി വന്നു.**

## 2. തൊഴിൽ സംബന്ധിച്ച്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമീണ മേഖലയിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു വര്ഷം 100 തൊഴിൽ ഉറപ്പ് നല്കുന്നു. ആയതിനാൽ തൊഴിൽ കാർഡ് ഉള്ള ഏതൊരാൾക്കും തൊഴിൽ ആവശ്യപ്പെടാനുള്ള അവകാശം ഉണ്ട്.

**മൂന്നാം വാർഡിൽ രേഖാമൂലം ഉള്ള അപേക്ഷ നൽകാറില്ല എന്നാണ് അറിയാൻ സാധിച്ചത്.**

## 3. തൊഴിൽ അനുവദിക്കുന്നത് സംബന്ധിച്ച്

തൊഴിലുറപ്പ് നിയമ പ്രകാരം തൊഴിൽ ആവശ്യപ്പെട്ട് കഴിഞ്ഞ് 15 ദിവസത്തിന്നകം തൊഴിൽ ലഭ്യമാക്കണമെന്ന് ഉണ്ട്. ഇല്ലെങ്കിൽ തൊഴിലില്ലാവേതനം ലഭിക്കാനുള്ള അവകാശം ഉണ്ട്.

**മൂന്നാം വാർഡിൽ മൂന്ന് തൊഴിലാളികൾ മാത്രം ആണ് ഉള്ളത്. ഇവർ മൂന്ന് പേരും രണ്ടാം വാർഡിലെ തൊഴിലാളികളുടെ കൂടെയാണ് തൊഴിൽ ചെയ്യുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ആർക്കും തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടില്ല.**

## 4. ഷെൽഫ് ഓഫ് പ്രോജക്റ്റ് സംബന്ധിച്ച്

തൊഴിലാളികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ പങ്കെടുക്കുവാനും പ്രവർത്തികൾ നിർദേശിക്കുവാനും ഈ പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്റ്റിൽ ഉൾപ്പെടുത്തുവാനും തൊഴിലുറപ്പ് നിയമം വ്യവസ്ഥ ചെയ്യുന്നു

**മൂന്നാം വാർഡിലെ തൊഴിലാളികൾ നിർദേശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രൊജക്ടിൽ ഉൾപ്പെടുത്താറുണ്ട്**

## 4. 5 കിലോ മീറ്ററിൽ കൂടുതൽ പ്രവർത്തി ചെയ്യുന്നത് സംബന്ധിച്ച്

തൊഴിലാളിക്ൾക്ക് താമസസ്ഥലത്തു നിന്നും 5 കിലോമീറ്റർ പരിധിക്കുള്ളിൽ ജോലി ലഭിക്കുന്നതിന് മുഴുവൻ തൊഴിലാളികൾക്കും അവകാശമുണ്ട്. 5 കിലോമീറ്റർ പരിധിക്ക് പുറത്തു പോയി ജോലി ചെയ്യുകയാണെങ്കിൽ കൂലിയുടെ 10% യാത്ര ബത്ത ലഭിക്കുന്നതിന് അവകാശമുണ്ട്.

**മൂന്നാം വാർഡിലെ തൊഴിലാളികൾ 5 കി. മി പരിധിക്കുള്ളിൽ ആണ് ജോലി ചെയ്തിട്ടുള്ളത്.**

## 5. വേതനം ലഭിക്കുന്നത് സംബന്ധിച്ച്

തൊഴിലുറപ്പ് പദ്ധതിയിൽ സെക്ഷൻ 3(2) പ്രകാരം പണി ചെയ്തു കഴിഞ്ഞാൽ 15 ദിവസത്തിനകം കൂലി ലഭിക്കണം.

***മൂന്നാം വാർഡിലെ എല്ലാ തൊഴിലാളികൾക്കും സമയബന്ദിതമായി കൂലി ലഭിക്കുന്നുണ്ടെന്ന് മനസ്സിലായി.***

## 6. പ്രവർത്തി സ്ഥലത്തു ലഭ്യമാകേണ്ട സൌകര്യങ്ങൾ

തൊഴിലുറപ്പ് പദ്ധതി നിയമ പ്രകാരം പ്രവർത്തി സ്ഥലങ്ങളിൽ പ്രധമ ശുശ്രൂഷ കിറ്റ്, കുടിവെള്ളം,തണൽ, എന്നീ സൌകര്യങ്ങള് ലഭ്യമാക്കേണ്ടതാണ്

**മൂന്നാം വാർഡിൽ പ്രഥമ ശുശ്രുഷ കിറ്റ് പ്രവർത്തി സ്ഥലത്ത് ലഭിക്കാറുണ്ടെന്നും കുടിവെള്ളത്തിനുള്ള പത്രവും തണൽ സൗകര്യത്തിനുള്ള ടാർപോളിൻ ഷീറ്റും ലഭിക്കാറില്ലെന്നും അറിയാൻ സാധിച്ചു.**

## 7. പദ്ധതി ആരംഭ മീറ്റിങ്, ഗ്രാമസഭ സംബന്ധിച്ച്

തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ 22 പ്രകാരം ഒരു പ്രവർത്തി ആരംമ്ഭിക്കുന്നതിന് മുൻപ് പ്രവർത്തിയെ കുറിച്ചുള്ള മുഴുവൻ കാര്യങ്ങളും കൃത്യമായി തൊഴിലാളികളെ ബോദ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ,വാർഡ് മെമ്പർ, എന്നിവരുടെ സന്നിദ്യത്തിൽ പദ്ധതി ആരംഭ മീറ്റിങ് വിളിച്ച് ചേർക്കേണ്ടതുണ്ട്.

**പ്രവർത്തി തുടങ്ങുന്നതിന് മുൻപ് പദ്ധതി ആരംഭ മീറ്റിങ് വിളിച്ച് ചെർക്കാറുണ്ട് എന്ന് തൊഴിലാളികൾ പറഞ്ഞു**.

## 8. തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച്

തൊഴിലാളികൾക്ക് പണി സ്ഥലത്തു ഉണ്ടാകുന്ന ഏതൊരു തരത്തിലുള്ള അപകടം സംഭവിക്കുകയാണെങ്കിൽ ചികിൽസയ്ക്ക് ആവശ്യമായി വരുന്ന മുഴുവൻ തുകയും ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ ഹാജരാക്കുന്ന മുറക്ക് തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ടുന്ന നടപടി ക്രമങ്ങൾ നിർവഹണ ഏജൻസി സ്വീകരിക്കേണ്ടതാണ്. ഇത് കൂടാതെ മരണം സംഭവിക്കുകയാണെങ്കില് 25000 രൂപയും തൊഴിലാളികളുടെ കുടുംബത്തിന് ലഭിക്കേണ്ടതാണ്.

**ഈ വാർഡിൽ ഇതുവരെ അർക്കും അപകട0 ഉണ്ടായില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.**

## 9. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

പ്രവർത്തി നടക്കുന്ന എല്ലാ സ്ഥലങ്ങളിലും പ്രവർത്തിയുടെ വിശദമായ വിവരങ്ങൾ അടങ്ങിയ ഒരു ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കേണ്ടതുണ്ട്.

**മൂന്നാം വാർഡിൽ സിറ്റിസൺ ബോർഡ് ഉണ്ടായിരുന്നില്ല.**

## 10. മസ്റ്റർ റോൾ

തൊഴിലാളികളുടേ ഹാജർ രേഖപ്പെടുത്തുന്ന ഔദ്യോഗിക രേഖയാണ് മസ്റ്റർ റോൾ.തൊഴിലാളികൾ 2 തവണ മസ്റ്റർറോളിൽ ഒപ്പിടേണ്ടതാണ്. മാസ്റ്റർറോളിൽ ഒപ്പ് രേഖപ്പെടുത്തിയ എല്ലാ തൊഴിലാളികളും 5 മണി വരെ പ്രവർത്തി സ്ഥലത്തു ഉണ്ടായിരിക്കേണ്ടതാണ്. മറ്റ് പരിപാടികളിൽ പങ്കെടുക്കാൻ പാടില്ല.

***മാസ്റ്റർ റോളിലെ ഒപ്പ് രേഖപ്പെടുത്തുന്ന കോളത്തിന്റെ വലിപ്പം കൂട്ടണം .*** **മൂന്നാം വാർഡിലെ മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഒന്നും തന്നെ കാണാനില്ലായിരുന്നു.**

## 11. മേറ്റ്

തൊഴിലുറപ്പ് പ്രവർത്തിയുടെ മേൽ നോട്ടം തൊഴിൽ കാർഡ്, സൈഡ് ഡയറി, മസ്റ്റർ റോൾ എന്നിവ കൃത്യമായി പൂരിപ്പിക്കൽ, തൊഴിലാളികളുടെ ഹാജർ ഉറപ്പ് വരുത്തുക, ലീവ് മാർക്ക് ചെയ്യുക, പണി സ്ഥലത്ത് വേണ്ട സൌകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പ് വരുത്തൽ എന്നിവയാണ് മാറ്റുമാരുടെ ചുമതലകൾ നിയമ പ്രകാരം 15 ദിവസം കഴിയുമ്പോൾ പുതിയ മാറ്റിനെ തിരഞ്ഞെടുക്കാവുന്നതാണ്.

**മൂന്നാം വാർഡിലെ മേറ്റ് രോഹിണി തന്നെയാണ് മൂന്നാം വാർഡിലെ മേറ്റും. മൂന്നാം വാർഡിലെ മൂന്ന് തൊഴിലാളികളിൽ ആരും തന്നെ മേറ്റവാൻ തയ്യാറായി മുന്നോട്ട് വരുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്.**

## 12. <u>ജാഗ്രത മേൽനോട്ട സമിതി</u>

ഓരോ വാർഡിലും നടക്കുന്ന പ്രവർത്തികൾ ഗുണകരമായ രീതിയിൽ നടത്തുന്നതിനും ഓരോ പ്രവർത്തികൾ കൃത്യമായ രീതിയിൽ നിരീക്ഷിക്കുന്നതിനും പദ്ധതി കൂടുതൽ മെച്ചപ്പെടുത്താനും വേണ്ടി വാർഡ് തലത്തിൽ ജാഗ്രത മേൽനോട്ട സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

**ഇതിലെ അംഗങ്ങൾ പ്രവർത്തി സ്ഥലം സന്ദർശിക്കാറുണ്ടെന്നാണ് മേറ്റും മറ്റു തൊഴിലാളികളും അഭിപ്രായപ്പെടുന്നത്.**

**ജാഗ്രത മേൽനോട്ട സമിതിയിലെ ഇപ്പോഴത്തെ അംഗങ്ങൾ**

1. **പി. കുഞ്ഞിക്കണ്ണൻ**
2. **സി. രമേശൻ**
3. **എ. സി. ദാമോദരൻ**
4 **.നിഷ**
5. **പി. വേണുഗോപാൽ**
6. **ടി. പി. കരുണാകരൻ**
7 **.ഷീബ**

## 13. <u>പരാതി പരിഹാരം</u>

തൊഴിലുറപ്പ് പദ്ധതി നിയമത്തിൽ തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള പരാതി ഉണ്ടെങ്കിൽ അത് ഫോൺ മുഖേനയോ ടോൾ ഫ്രീ നമ്പറിൽ വിളിച്ചോ, രേഖാമൂലമോ എഴുതിയോ നൽകാവുന്നതാണ്.

***<u>ഇതുവരെ പരാതികൾ ഒന്നും തന്നെ ഉണ്ടായില്ല എന്നാണ് പറഞ്ഞത്</u>***.

**ടോൾ ഫ്രീ നമ്പർ കണ്ണൂർ : 1800426014**
**സംസ്ഥാന മിഷൻ : 18004251004**

## 14. <u>സുരക്ഷാ മാർഗങ്ങൾ</u>

പ്രവർത്തി ചെയ്യുമ്പോള് തൊഴിലാളികളുടെ സുരക്ഷഉറപ്പ് വരുത്തുന്നതിനുള്ള ഷൂസും, കൈ ഉറകളും നല്കേണ്ടത് നിർവഹണ ഏജൻസിയുടെ ചുമതലയാണ്.

**മൂന്നാം വാർഡിലെ മൂന്ന് തൊഴിലാളികൾ രണ്ടാം വാർഡിലെ തൊഴിലാളികളുടെ കൂടെ ആണ് തൊഴിൽ എടുക്കുന്നത്. രണ്ടാം വാർഡിലെ തൊഴിലാളികൾക്ക് നൽകിയ ഷൂസും കൈയുറയും ആണ് മൂന്നാം വാർഡിലെ തൊഴിലാളികൾ ഉപയോഗിച്ചത്. മൂന്നാം വാർഡിന് മാത്രമായി ഒരു സുരക്ഷ സംവിധാനവും ലഭിച്ചിട്ടില്ല.**

## <u>റോസ്ഗർ ദിനം</u>

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം ഓരോ പഞ്ചായത്തിലും നടത്തേണ്ടതാണ്.

**കണ്ണപുരം പഞ്ചായത്തിൽ റോസ് ഗാർ ദിനം ആചരിച്ചിട്ടുണ്ടെന്ന് അറിയാൻ സാധിച്ചു**

# ഫയൽ പരിശോധന സംബന്ധിച്ച വിവരങ്ങൾ

1. **കവർ പേജ്**

ഒരു പ്രവർത്തിയുടേഅടിസ്ഥാനവിവരങ്ങള്ള് പ്രവർത്തി ഫയലിൻറെ കവർ പേജിൽ ഉൽകൊള്ളിക്കണമെന്നും അതിനായി പ്രേതേക മാതൃകയും മാസ്റ്റർ സർകുലർ നിർദേശിക്കുന്നുണ്ട്.

***പരിശോധിച്ച മുഴുവൻ പ്രവർത്തി ഫയലുകളിലും കവർ പേജ് കാണാൻ സാധിച്ചു.***

2. **ചെക്ക് ലിസ്റ്റ്**

ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രേഖകളുടെ പേരും പേജ് നമ്പരും രേഖപ്പെടുത്തിയ ചെക്ക് ലിസ്റ്റ് ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട് അതിനായി പ്രേതേക മാതൃകയും മാസ്റ്റർ സർകുലർ നിർദേശിക്കുന്നുണ്ട്.

***പരിശോധിച്ച മുഴുവൻ പ്രവർത്തി ഫയലുകളിലും ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചു.***

3. **ആക്ഷൻ പ്ലാൻ കോപ്പി**

ഏറ്റെടുത്ത പ്രവർത്തികൾ ആക്ഷൻ പ്ലാനിൽഉൾപ്പെട്ടതും ഷെൽഫ ഓഫ് പ്രോജക്റ്റിൽ മുൻഗണന ക്രമത്തിൽ ഉള്ളതുമായിരിക്കണമെന്നുണ്ട്. പ്രെസ്തുത പ്രവർത്തി ഷെൽഫ ഓഫ് പ്രോജക്റ്റിൽ ഉൾപ്പെടുന്ന പേജിൻറെ കോപ്പി ഫയലിൽ സൂക്ഷിക്കണം.

***പരിശോധിച്ച രണ്ട് ഫയലിലും ആക്ഷൻ പ്ലാനിൻറെ കോപി കാണാൻ സാധിച്ചു.***

4. **എസ്ടിമാറ്റ്**

പരിശോധിച്ച ഫയലിൽ ജനകീയ എസ്റ്റിമാറ്റ് കാണാൻ സാധിച്ചു.

5. **സാങ്കേതികനുമതി**

സാങ്കേതികനുമതി ലഭിച്ചതിന്റെ കോപ്പി എല്ലാം ഫയലിലും സൂക്ഷിച്ചിട്ടുണ്ട്.

6. **ഭരണാനുമതി**

ഭരണാനുമതി ലഭിച്ചതിന്റെ കോപ്പി എല്ലാം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

7. **കൻവർജൻസു ഫണ്ട്**

പരിശോധിച്ച ഫയലുകൾ ഈ ഗണത്തിൽപ്പെട്ട പ്രവർത്തികൾ അല്ലാത്തതിനാൽ ഈ വിവരങ്ങൾ ഫയലിൽ ഉണ്ടായിരുന്നില്ല.

8. **തൊഴിൽ ആവശ്യപ്പെട്ടുള്ള ഫോം**

പരിശോധിച്ച ഫയലുകളിൽ തൊഴിൽ ആവശ്യപ്പെട്ടുള്ള ഫോം കാണാൻസാധിച്ചില്ല.

9. **തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖ**

തൊഴിൽ അനുവദിച്ചു കൊണ്ടുള്ള രേഖ പരിശോധിച്ച ഫയലുകളിൽ കാണാൻ സാധിച്ചില്ല.

**10. മസ്റ്റർ റോൾ**

പരിശോധിച്ച ഫയലുകളിൽമുഴുവൻ മസ്റ്റർ റോൾ ഉണ്ടായിരുന്നു. ഓഡിറ്റിന് വിധേയമാക്കുന്ന 2 പ്രവർത്തികൾക്കുമായി 24 മസ്റ്റർ റോളുകളാണ് ഉള്ളത്. ഒരു മസ്റ്റർ റോളിലും എം. ബുക്ക് നമ്പർ കാണാൻ സാധിച്ചില്ല. മാറ്റിനിൻറെ പേര് ഉണ്ടായിരുന്നില്ല അതുപോലെ, 2 പ്രവർത്തിയുടെ മസ്റ്റര് റോൾ ഒക്കെ കറക്റ്റ് ആയി തന്നെ കാണാൻ സാധിച്ചു.

**11. മേഷർമെൻറ് ബുക്ക്**

പരിശോധിച്ച മേഷർമെൻറ് ബുക്കിൽ 2 പ്രവർത്തിയുടേത് കൃത്യമായി ഉണ്ടായിരുന്നു. .

**12. സാധന സാമഗ്രികളുടേ വിവരങ്ങൾ**

സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവർത്തി അല്ലാത്തതിനാൽ ഇത്തരം വിവരങ്ങൾ പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നില്ല.

**13. വേജ് ലിസ്റ്റ്**

പരിശോധിച്ച മുഴുവൻ ഫയലുകൾക്കും വേജ് ലിസ്റ്റ് കൃത്യമായിരുന്നു

**14. എഫ് ടി ഒ**

പരിശോധിച്ച മുഴുവൻ ഫയലുകൾക്കും എഫ് ടി ഒ ഉണ്ടായിരുന്നു.

**15. മെറ്റീരിയൽ വൌചർ, ബില്ലുകൾ**

പരിശോധിച്ച ഫയലുകളിൽ മെറ്റീരിയൽ വൌചർ, ബില്ലുകൾ ഉണ്ടായിരുന്നില്ല.

**16. റോയൽറ്റി**

റോയൽറ്റിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഫയലിൽ ഉണ്ടായിരുന്നില്ല.

**17. ഫോട്ടോഗ്രാഫ്സ്**

പരിശോധിച്ച മണ്ണ് ജലസംരക്ഷണം ഫയലിലും 3 ഘട്ടത്തിലുള്ള ഫോട്ടോഗ്രാഫ്സ് ഉണ്ടായിരുന്നു.എന്നാൽ തൊഴുത്ത്, ആട്ടിൻ കൂട്, കോഴിക്കൂട് നിർമ്മാണം പരിശോധിച്ച ഫയലുകളിൽ ഉണ്ടായിരുന്നില്ല.

**18. ഫയൽ ടാക്കിങ് ഫോം**

കൃഷ്ണപിള്ള മന്ദിരം മുതൽ പുതിയടത്ത് കാവ് വഴിയുടെ തോട് നവീകരണം ഉണ്ടായിരുന്നു.

ഐ. എ. വൈ. സർക്കാർ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിലെ അവിദഗ്ധ പ്രവർത്തികൾ പരിശോധിച്ച ഫയലുകളിൽ ഫയൽ ടാക്കിങ് ഫോം ഉണ്ടായിരുന്നില്ല.

**19. പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്**

പരിശോധിച്ച മണ്ണ് ജലസംരക്ഷണം വർക്ക് ഫയലുകളിലും പ്രവർത്തി പൂർത്തികരണ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

**20. ജിയോടാഗ് ഫോട്ടോസ്**

ജിയോടാഗ് ഫോട്ടോസ് പരിശോധിച്ച ഫയലിൽ 3ഫയലിലും കാണാൻ സാധിച്ചില്ല.

**21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

പരിശോധിച്ച മുഴുവൻ വർക്ക് ഫയലുകളിലും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൻറേ ഫയൽ ഉണ്ടായിരുന്നില്ല.

ഫയൽ ഉണ്ടായിരുന്നില്ല

**22. സൈഡ് ഡയറി**

പരിശോധിച്ച ഫയലുകളിലും സൈഡ് ഡയറി ഉണ്ട്.പക്ഷേ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയതായി കണ്ടില്ല.

സൈറ്റ് ഡയറിയിൽ പ്രവർത്തിയെ കുറിച്ചുള്ള പ്രാഥമിക വിവരങ്ങൾ മുഴുവനായും രേഖപ്പെടുത്തിയിട്ടുണ്ട്. ഡറ്റ് ഇല്ല.

ഐ. എ. വൈ. സർക്കാർ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിലെ അവിദഗ്ധ പ്രവർത്തികൾ സൈഡ് ഡയറി ഫയൽ ഉണ്ടായിരുന്നില്ല

# പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ

1. **ജോബ് കാർഡ് റജിസ്റ്റർ**

   ജോബ് കാർഡ് റജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

2. **ഗ്രാമസഭ രെജിസ്റ്റർ**

   ഗ്രാമസഭ.റജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

3. പ്രവർത്തി ആവശ്യപ്പെടുന്നതിന്, പ്രവർത്തി അനുവദിക്കുന്നത്,കൂലി അനുവദിക്കുന്നത് ബന്ധപ്പെട്ട എം ഐഎസിൽ നിന്നുള്ള വിവരങ്ങളുടെ പകർപ്പ് രെജിസ്റ്റർ ആക്കി സൂക്ഷിച്ചിട്ടുണ്ട്.

4. **പ്രവർത്തി രെജിസ്റ്റർ**

   പ്രവർത്തി രെജിസ്റ്റർകൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

5. **ആസ്തി രെജിസ്റ്റർ**

   ആസ്തി രെജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

6. **പരാതി റജിസ്റ്റർ**

   പരാതി രെജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

7. **മെറ്റീരിയൽ രെജിസ്റ്റർ**

മെറ്റീരിയൽ രെജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

**തൊഴിലാളികളുടേ കടമകൾ**

1. കൃത്യ സമയത്ത് തൊഴിൽ സ്ഥലങ്ങളിൽ ഹാജരായി സമയക്രമം പാലിക്കുക.(9-5)
2. പ്രവർത്തി ആരംഭ മീറ്റിങിൽ പങ്കാളിയായി അതിൽ നിർദേശിക്കുന്ന പ്രവർത്തിയെ കുറിച്ച് കൃത്യമായി മനസ്സിലാക്കുക.
3. നിർദേശിക്കുന്ന പ്രവർത്തികൾ കൃത്യമായി ചെയ്യുക.
4. തൊഴിലുറപ്പ് ഗ്രാമസഭയിൽ പങ്കാളി ആവുക.
5. പഞ്ചായത്തിൽ നിന്നും തരുന്ന ട്രെയിനിങ് കാര്യങ്ങളിലും ഒക്കെ കൃത്യമായി പങ്കെടുക്കുക.

## ഫീൽഡ് തല പരിശോധന സംബന്ധിച്ച വിവരങ്ങൾ

| പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | മേഷർമെൻറ് ബുക്ക് പ്രകാരമുള്ള അളവ് | ഫീൽഡ് പരിശോധിച്ചപ്പോൾ ലഭിച്ച അളവ് | റിമാർക്സ് |
|---|---|---|---|---|
| കൃഷ്ണപിള്ള മന്ദിരം മുതൽ പുതിയടത്ത് കാവ് വഴിയുടെ തോട് നവീകരണം.1602004005/IC/214583 | എർത്ത് വർക്ക് 201.2250cum Jungle 858.5620sqm | Earth work192.75 Jungle 857.6 | Earth work 189.78 Jungle 840.6 | തോട്ടിൽ നിറയെ മാലിന്യം നിറഞ്ഞു കിടക്കുന്നതാണ് കണ്ടത് |
| ഐ. എ. വൈ. സർക്കാർ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുന്ന വീടുകളുടെ നിർമ്മാണത്തിലെ അവിദഗ്ധ പ്രവർത്തികൾ1602004005/IF/326381 | 28000 | 24840 | 90 days | പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട് |

## കണ്ടെത്തലുകൾ

1. സമയബന്ധിതമായി മുഴുവൻ തൊഴിലാളികൾക്കും ഇപ്പോൾ കൂലി ലഭിക്കാറുണ്ട്.
2. പ്രവര്ത്തി തുടങ്ങുന്നതിന് മുൻപ് പദ്ധതി ആരംഭ മീറ്റിങ് വിളിച്ച് ചേർക്കാറുണ്ട്.
3. തൊഴിൽ കാർഡുകൾ സൂക്ഷിക്കുന്നത് തൊഴിലാളികൾ തന്നെയാണ്.
4. പ്രവർത്തി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് (CIB) കാണാൻ സാധിച്ചില്ല.
5. 7 രെജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
6. തൊഴിലാളികൾ രേഖമൂലം തൊഴിൽ ആവശ്യപ്പെടുന്നുണ്ട്.
7. പണി ആയുധ വാടക കിട്ടാറുണ്ടെന്നാണ് അഭിപ്രായപ്പെട്ടത്.
8. മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ കാർഡുകൾ പുതുക്കി നല്കി പക്ഷേ ഫോട്ടോ തൊഴിലാളികൾ സ്വന്തം ചിലവിൽ എടുത്തു എന്നാണ് പറഞ്ഞത്.
9. തൊഴിലുറപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭ വാർഡുകളിൽ വെവ്വേറേ നടത്താറുണ്ട്.
10. ജാഗ്രത മേൽനോട്ട സമിതിയിലുള്ള അംഗങ്ങൾ പ്രവർത്തി സ്ഥലം സന്ദർശിക്കുന്നത് കുറവാണ്.
11. കഴിഞ്ഞ സാമ്പത്തിക വർഷം വാർഡിൽ തൊഴിലാളികൾക്ക് ആർക്കും തന്നെ 100 പണി ലഭിച്ചിട്ടില്ല.

## നിർദേശങ്ങള്

1. തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾക്ക് കൃത്യമായ മറുപടി നല്കുക .
2. ജാഗ്രത സമിതിയിലെ അംഗങ്ങളുടേ അഭിപ്രായം സ്വീകരിക്കുക, അംഗങ്ങൾ കൃത്യമായി തൊഴിലിടങ്ങൾ പരിശോധിക്കേണ്ടതാണ്.
3. എല്ലാ തൊഴിലാളികൾക്കും പരമാവധി തൊഴിൽ ദിനങ്ങൾ നല്കുക.
4. തൊഴിലാളികൾക്ക് കുടിവെള്ളം,തണൽ സൌകര്യങ്ങൾ നല്കുക.
5. തൊഴിൽ കാർഡ് തികച്ചും സൌജന്യമായി നല്കുക..
6. ഓരോ പ്രവർത്തി ആരംഭിക്കുന്നതിന് മുൻപ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് (CIB) പ്രവർത്തി സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.
7. മാസ്റ്റർ റോളിൽ ഒപ്പിടുന്ന കോളം ചെറുതായതിനാൽ പ്രായമായ തൊഴിലാളികൾക്ക് ഒപ്പിടാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു അതുകൊണ്ട് ഒപ്പിടുന്ന കോളം വലുതാക്കി നല്കിയാൽ കുറച്ചു കൂടി സൌകര്യം ആയിരിയ്ക്കും.

8. ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ ഉൾപ്പെടുത്താവുന്നതാണ്.
9. മസ്റ്റർ റോളിൽ പ്രസ്തുത പ്രവർത്തിയുടെ അളവുകൾ രേഖപ്പെടുത്തുന്ന മേഷർമെൻറ് ബുക്ക് നമ്പർ രേഖപ്പെടുത്തേണ്ടതാണ്..
10. എം ബുക്കിൽ പ്രവർത്തി ചെയ്യുന്ന സ്ഥലത്തിന്റെ സർവേ നംബർ ഉൾപ്പെടുത്താൻ നിർവാഹന ഏജെൻസി ശ്രമിക്കുക.

## <u>ഗ്രാമസഭ തീരുമാനങ്ങൾ</u>

*** ജാഗ്രത മേൽനോട്ടസമിതിയിൽ നിലവിലുള്ള പഴയ അംഗങ്ങളെ മാറ്റി പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കാൻ തീരുമാനമായി.**

*CIB സപ്ലൈ ചെയ്യുന്ന ഏജൻറ് പ്രവർത്തനം വളരെ പുറകോട്ടാണ് അതുകൊണ്ടാണ് സിഐ സ്ഥാപിക്കാൻ കഴിയാതെ പോയത് അതുകൊണ്ട് CIB സപ്ലൈ ചെയ്യുന്ന ഏജൻറ്നെ മാറ്റും.

*** തൊഴിലാളികളുടെ അവകാശമായ ഷൂസും കൈയുറയും നൽകാനുള്ള നിയമം പഞ്ചായത്തിൽ വന്ന് കഴിഞ്ഞാൽ അത് നൽകാൻ തീരുമാനമുണ്ടാകും.**

* തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതലായി ആസ്തി നിർമാണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും.